# ജൂബിലിയിൽ നിന്നും മുന്നോട്ടു നോക്കുമ്പോൾ

**'നാം ഒരു ജനസാഗരത്തിന്റെ ആരവം കേൾക്കുന്നു...'**

എവിടെയാണെങ്കിലും ഈ ജൂബിലി ഗാനത്തിന്റെ അലയൊലികൾ നമ്മിൽ എപ്പോഴും മുഴങ്ങുന്നു. ഈ വാക്കുകൾ ഉണർത്തുന്ന ദൃശ്യങ്ങൾ നാം ഹൃദയത്തോടു ചേർത്തു പിടിക്കുന്നു. ഇത് നമ്മുടെ രാവുകളിലേയ്ക്ക് വിവരിക്കാനാവാത്ത ഒരുതരം അസ്വസ്ഥതയും ഭാരവും- ഒരുപക്ഷേ, തീക്ഷ്ണമതിയായ വി. പൗലോസ്സടക്കമുള്ള ശ്ലീഹന്മാരുടെ ജീവിതങ്ങളെ നയിച്ച അതേ ഭാരം- നിറയ്ക്കുന്നുണ്ട്. കോൺഫറൻസിന്റെ മധുര സ്മരണകൾക്ക് അപ്പുറമുള്ള ദിനങ്ങളെ നോക്കിക്കാണുവാൻ ഇത് നമ്മെ പ്രചോദിപ്പിക്കുന്നു. കഴിഞ്ഞ രണ്ടുവർഷമായി ഈ കോൺഫറൻസിന്റെ പിന്നിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരാളെന്ന നിലയിൽ, ഈ പ്രവർത്തനങ്ങളിലൂടെ ഉരുത്തിരിഞ്ഞ ചില ചിന്തകളെ സമാഹരിക്കുവാൻ ഞാൻ ശ്രമിക്കുകയാണ്. ഇതിനെക്കുറിച്ച് ആലോചിച്ചപ്പോൾത്തന്നെ പുതിയ കാര്യങ്ങളൊന്നുമല്ല എഴുതുക എന്നെനിക്കു തീർച്ചയായിരുന്നു. അതുകൊണ്ടുതന്നെ നമ്മുടെ ഭാവിദൗത്യത്തിലേക്കുള്ള പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ വഴി നടത്തലിലൂടെ ലഭിച്ച ചില ചിന്താശകലങ്ങളെ കൂട്ടിച്ചേർക്കാനാണ് ഇതിലൂടെ ഞാൻ ശ്രമിക്കുന്നത്. നിങ്ങളേവരുമോർമ്മിക്കുന്നതുപോലെ, നമ്മുടെ കോൺഫറൻസ് മൂന്നു വിഷയങ്ങളിൽ കേന്ദ്രീകൃതമായിരുന്നു:

**1. ദൈവത്തിന്റെ വിശ്വസ്തതയോടുള്ള നമ്മുടെ പ്രത്യുത്തരിക്കൽ**

**2. അവിടുത്തെ വിളിയിലുള്ള ആഴപ്പെടൽ**

**3. ഓരോ ജീസസ് യൂത്തും മിഷണറിയാണ്**

അതായത്, കോൺഫറൻസിന്റെ അവസാനഘട്ടങ്ങളിൽ നാം പറഞ്ഞിരുന്നതുപോലെ, ജീസസ് യൂത്ത് എന്നു വിളിക്കപ്പെടണമെങ്കിൽ ഒരാൾ മിഷനറിയായേ തീരൂ. നാമെല്ലാവരും ആഴത്തിൽ ചിന്തിക്കേണ്ട, മുന്നേറ്റത്തെ സംബന്ധിക്കുന്ന നിർണ്ണായക ബോധ്യമാണിതെന്ന് എനിക്കു തോന്നുന്നു. "രണ്ടായിരമാണ്ടു മുതൽ ജീസസ് യൂത്ത് 'സഭയുടെ സേവനത്തിലുള്ള ഒരു മിഷണറി മുന്നേറ്റം' എന്ന വിശേഷണം സ്വീകരിക്കുകയുണ്ടായി. ജീസസ് യൂത്തെടുക്കുന്ന പുതുതുടക്കങ്ങളുടെയും സംരംഭങ്ങളുടെയും ഹൃദയവും ആത്മാവും ഈ വിശേഷണമായിരുന്നു. യുവജനങ്ങൾക്ക് സുവിശേഷത്തിന്റെ പ്രസക്തി വ്യക്തമാക്കിക്കൊടുക്കുവാനുള്ള ക്രിയാത്മകമായ ആശയങ്ങളുടെ പിന്നിലെ പ്രേരക ശക്തി ഇതായിരുന്നു."[1]

"ക്രിസ്തുവിന്റെ ഊർജ്ജസ്വലമായ ദൗത്യം നവീകരിച്ച് ഇന്നത്തെ തലമുറയെ ഫലപ്രദമായി സേവിക്കുവാൻ കഴിഞ്ഞ 25 വർഷമായി അനേകം യുവാക്കളെയും, കുട്ടികൾ, കുടുംബങ്ങൾ, വൈദികർ, സന്യസ്തർ തുടങ്ങിയവരെയും ദൈവാത്മാവ് രൂപപ്പെടുത്തുകയും ശാക്തീകരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ ജൂബിലി, മുന്നേറ്റത്തിനും അതിന്റെ ദൗത്യത്തിനുമായി ഒരു പുതിയ ദിശാബോധം കണ്ടെത്തുവാനും, പുനരർപ്പണം നടത്തുവാനുമുള്ള സമയമാണ്. പ്രാർത്ഥനയുടെയും തീക്ഷ്ണമായ വിചിന്തനങ്ങളുടെയും ഉറച്ച തീരുമാനങ്ങളുടെയും ഈ നാളുകൾ ക്രിസ്തുവിന്റെ ദൗത്യത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനും സഭയെയും സമൂഹത്തെയും മെച്ചപ്പെട്ട രീതിയിൽ സേവിക്കുവാനും ജീസസ് യൂത്ത് മുന്നേറ്റത്തിനു സഹായകരമായിത്തീരട്ടെ."[2]

"ദൈവഹിതം തിരിച്ചറിയുവാനും അതിനനുസരിച്ചു പ്രവർത്തിക്കുവാനും ഓരോ ജീസസ് യൂത്തും പ്രചോദിപ്പിക്കപ്പെടുന്നു. പൊതുവേ മൂന്നു തരത്തിലുള്ള ദൗത്യങ്ങളാണ് ഓരോരുത്തർക്കും ഏറ്റെടുക്കാനാകുക:

**1. വ്യക്തിപരമായ പ്രേഷിതത്വം/ ദൗത്യം**

ഇത് പ്രാഥമികമായും അടിസ്ഥാനപരമായും ഒരാളുടെ വരങ്ങളെയും ശക്തികളെയും താലന്തുകളെയും ആശ്രയിച്ച് നിൽക്കുന്ന വിളിയാണ്. അതിനാൽത്തന്നെ ഈ വിളി ഓരോ വ്യക്തികൾക്കും വ്യത്യസ്തമായിരിക്കും. വ്യക്തിപരമായി മറ്റുള്ളവർക്കുവേണ്ടി മധ്യസ്ഥ പ്രാർത്ഥനനടത്തുക, മുന്നേറ്റത്തിലേയ്ക്കു കടന്നു വരുന്ന പുതിയ വ്യക്തികളെ അനുധാവനം ചെയ്യുകയും അവരെ മുന്നേറ്റത്തിന്റെ ഭാഗമാക്കുകയും ചെയ്യുക, നേതൃത്വത്തെ വളർത്തുക, വിവിധ ആവശ്യക്കാരെ സന്ദർശിക്കുക, ശിഷ്യത്വത്തിലേക്കു നയിക്കുക തുടങ്ങിയവ ചില ഉദാഹരണങ്ങളാണ്. വിവിധ തലങ്ങളിൽ ഈ വിളി പല വിധത്തിലാണ് വെളിവാകുന്നതെങ്കിലും ഒരാളുടെ വ്യക്തിപരമായ ദൗത്യം ജീവിതകാലം മുഴുവൻ തുടരു

---

*1. മിഷൻ മാസത്തിന് ആമുഖം- മനോജ് സണ്ണി*

*2. ജൂബിലിയുടെ പടിവാതിൽക്കൽ- ഡോ. എഡ്വേർഡ് എടേഴത്ത്*

ന്നു. ഈ വിളി മുന്നേറ്റത്തിനുള്ളിലോ, പുറത്തോ ആകാം പ്രകടമാകുന്നത്. (മിക്ക സന്ദർഭങ്ങളിലും ഇത് മുന്നേറ്റവുമായി ബന്ധപ്പെട്ടു നിൽക്കുന്നു.) ഈ ദാനം ഒരു വ്യക്തിപരമായ വിളിയും രക്ഷാകരകർമ്മത്തിലുള്ള ഭാഗഭാഗിത്വവും ആണെന്നിരിക്കിലും മറ്റുള്ളവരെ സേവിക്കുന്നതിനും സഭയെ പടുത്തുയിർത്തുന്നതിനും മാനവ ജീവിതത്തിന്റെ വിവിധ തുറകളിൽ സാഹോദര്യ കൂട്ടായ്മകളുടെ വളർച്ചയ്ക്കും കൂടി ഇതു സഹായകമാണ് (റിഡംപ്റ്റോർ ഹോമിനിസ് - മനുഷ്യ രക്ഷകൻ, 21). യഥാർത്ഥത്തിലുള്ള ദൈവഹിതം (വ്യക്തിപരമായ ദൗത്യം) കണ്ടെത്തുവാൻ സഹായിക്കുന്നതിൽ താഴെപ്പറയുന്നവയും ഉൾക്കൊള്ളുന്നു. ദൈവവചനവും സഭയുടെ പ്രബോധനങ്ങളും തുറന്ന മനസ്സോടെ ശ്രവിക്കുക, നിരന്തരവും തീക്ഷ്ണവുമായ പ്രാർത്ഥന,ജ്ഞാനവും സ്നേഹവും നിറഞ്ഞ ഒരു ആത്മീയ ഗുരുവിന്റെ സഹായം, ദൈവം തന്നിരിക്കുന്ന ദാനങ്ങളെയും താലന്തുകളെയും താൻ ജീവിക്കുന്ന വൈവിധ്യമാർന്ന സാമൂഹിക, ചരിത്ര സാഹചര്യങ്ങളെക്കുറിച്ചും നന്നായി വിവേചിച്ചറിയുക തുടങ്ങിയവ. (അൽമായ വിശ്വാസികൾ, 58)

**2. കൂട്ടായ്മയിൽ അധിഷ്ഠിതമായ പ്രേഷിതത്വം/ ദൗത്യം**

സമാനചിന്തകൾ ഉള്ളവർ ഒരേ ജീവിത സാഹചര്യങ്ങളോ വരങ്ങളോ ഉള്ള വ്യക്തികളുമായി ചേർന്ന് മറ്റുള്ളവരെ ശുശ്രൂഷിക്കുക എന്നതാണ് കൂട്ടായ്മയിൽ അധിഷ്ഠിതമായ പ്രേഷിതത്വം. യഥാർത്ഥത്തിൽ, മുന്നേറ്റത്തിലുള്ള മിക്ക കൂട്ടായ്മാദൗത്യങ്ങളും വ്യക്തിപരമായ ശുശ്രൂഷകൾ വളർന്നുണ്ടായവയാണ്. എന്നിരുന്നാലും വ്യക്തിപരമായ എല്ലാ ശുശ്രൂഷകളും കൂട്ടായ്മയുടെ ദൗത്യങ്ങളായി തീരണമെന്ന് നിർബന്ധമില്ല.

**3. നല്കപ്പെടുന്ന പ്രേഷിതത്വം / ദൗത്യം**

പലപ്പോഴും മുന്നേറ്റം അതിന്റെ വളർച്ചയ്ക്കും ശാക്തീകരണത്തിനുമായി വ്യക്തികളോട് സമയബന്ധിതമായ ചുമതലകൾ ഏറ്റെടുക്കുവാൻ ആവശ്യപ്പെടാറുണ്ട്. ഇത് കോ-ഓർഡിനേറ്റർഷിപ്പ് പോലുള്ള ഭാരവാഹിത്വങ്ങളോ ചില നിർദ്ദിഷ്ട പദ്ധതികൾക്കുവേണ്ടി നിശ്ചിത കാലത്തേയ്ക്കുള്ള ഉത്തരവാദിത്വം ഏറ്റെടുക്കലോ ആകാം. സ്വാഭാവികമായും ഈ ശുശ്രൂഷകൾ ആദ്യത്തെ രണ്ട് മേഖലകളിലും ആഴപ്പെട്ട വ്യക്തികളെ മാത്രമാണ് ഭരമേൽപ്പിക്കുക. ദൗത്യങ്ങൾ നൽകുക എന്നത് ആവശ്യമാണെങ്കിലും വ്യക്തിപരവും കൂട്ടായ്മാ കേന്ദ്രീകൃതവുമായ ശുശ്രൂഷകളാണ് മുന്നേറ്റത്തിന്റെ കാതൽ. ഇവ അതിനെകാലാനുസൃതവും പ്രസക്തവും ഊർജ്ജസ്വലവും ജീവസ്സുറ്റതുമാക്കി ഭാവിയിലേയ്ക്ക് നയിക്കുന്നു. അതുകൊണ്ടുതന്നെ മൂന്നാമത്തെ ദൗത്യത്തിന്റെ പ്രാധാന്യം കുറച്ചു കാണാതെ നമുക്കു പറയാൻ സാധിക്കും. ഒന്നും രണ്ടും പ്രേഷിതത്വങ്ങളാണ് മുന്നേറ്റത്തെ മുമ്പോട്ടു നയിക്കുന്നത്, ആത്മാവിൽ ജീവസ്സുറ്റതാക്കി സൂക്ഷിക്കുന്നത്.”[3]

**എന്താണ് നമ്മെ പിന്നോട്ടു വലിക്കുന്നത്?**

“ഇന്ന് പല ക്രിസ്ത്യാനികൾക്കും പൗലോസ് ശ്ലീഹാ ഒരപവാദമാണ്. “ഞങ്ങളാകട്ടെ യഹൂദർക്ക് ഇടർച്ചയും വിജാതീയർക്കു ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെപ്രസംഗിക്കുന്നു” (1കൊറി. 1:23). ‘എല്ലാറ്റിനെയും ഉപേക്ഷിക്കുവാനും സ്വജീവനെത്തന്നെ പരിത്യജിക്കുവാനുമുള്ള’ (ലൂക്ക 14:26) യേശുവിന്റെ ആഹ്വാനവും ‘സ്വന്തം ജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തുന്നു.’ (മാർ. 8:35-36) എന്ന അവന്റെ വെല്ലുവിളിയും അനേകരെ സംബന്ധിച്ച് അർത്ഥശൂന്യമാണ്. “കർത്താവേ, ഈ ലോകത്തിന്റെ സുഖങ്ങൾ ഒന്നും നഷ്ടപ്പെടുത്താതെ തന്നെ ഞങ്ങൾ നിന്റെ ശിഷ്യരായിരുന്നുകൊള്ളാം” എന്നു പറഞ്ഞ് ഇക്കൂട്ടർ യേശു മുന്നോട്ടുവച്ച വിപരീത സത്യങ്ങൾ തെറ്റാണെന്നു തെളിയിക്കാൻ ശ്രമിക്കുന്നു. വിട്ടുവീഴ്ചകളുടെയും തട്ടിക്കൂട്ടലിന്റെയും ശൈലി ജീസസ് യൂത്ത് സമൂഹത്തിലേയ്ക്കുപോലും കടന്നുവരുന്നു.”[4]

“ജീസസ് യൂത്തും മറ്റ് മുന്നേറ്റങ്ങളും തമ്മിലുള്ള വ്യത്യാസമെന്താണ്? നിരവധി വ്യത്യാസങ്ങളുണ്ട്, എന്നെ വളരെയധികം പ്രചോദിപ്പിച്ച കാര്യം ഇതിലേയ്ക്കു വരുന്നവരുടെ ലക്ഷ്യവും പ്രേരണയുമാണ്... മറ്റു പല ഗ്രൂപ്പുകളിലും ആളുകൾ എത്തുന്നത് അവരുടെ ജീവിതത്തിൽ എന്തെങ്കിലുമൊക്കെ ലഭിക്കാനായാണ്- പ്രത്യേകിച്ച് അനുഗ്രഹങ്ങൾ സ്വീകരിക്കാൻ. പക്ഷേ നമ്മുടെ കൂട്ടായ്മകളിലേയ്ക്ക് വ്യക്തികളെത്തുന്നത് അവിടുത്തെ ഹിതത്തിനനുസരിച്ച് പ്രവർത്തിക്കാൻ തങ്ങളെത്തന്നെ സമർപ്പിക്കാനാണ്. പലതും മാറ്റിവയ്ക്കാനും; അവിടുത്തെ പിഞ്ചെല്ലാനായി ജീവിതത്തിൽ പലതും നഷ്ടപ്പെടുത്തുവാനും വ്യക്തികൾ തയ്യാറാകുന്നു. ചിലർ അനു

---

*3. മിഷൻ മാസത്തിന് ആമുഖം- മനോജ് സണ്ണി*

*4. ജൂബിലിക്കു ശേഷമെന്ത്? - റവ. ഫാ. അബ്രഹാം പള്ളിവാതുക്കൽ*

*5. രാജ്യങ്ങളുടെ കോ-ഓർഡിനേറ്റർമാർക്ക് മനോജ് സണ്ണി അയച്ച മെയിലിൽ നിന്ന്*

ഗ്രഹങ്ങൾക്കു വേണ്ടിയാവാം ഈ യാത്ര തുടങ്ങിയത്, പക്ഷേ അതിവേഗം തന്നെ ജീസസ് യൂത്ത് എന്നാൽ നൽകലും നഷ്ടപ്പെടുത്തലുമാണെന്ന് അവർ തിരിച്ചറിയുന്നു. എങ്കിലും നമുക്കറിയാം നമ്മുടെ ദൈവം തന്റേതായ സമയത്ത് ആയിരമിരട്ടി തിരിച്ചു നൽകുമെന്ന്. ജൂബിലി നമ്മെ സ്വയം നൽകുവാനും നമ്മുടെ ജീവിതത്തിലെ പലതിനെയും- പണം, സമയം- തുടങ്ങിയവ നഷ്ടപ്പെടുത്തുവാനും പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാനും സഹനങ്ങളെ നേരിടുവാനും വീണ്ടും പഠിപ്പിച്ചു. ഇതു മാത്രമേ നമുക്കു മുന്നോട്ടും പ്രതീക്ഷിക്കുവാനുള്ളൂ. ഒരു യാഥാർത്ഥ ജീസസ് യൂത്തിനു മാത്രമേ ഇതെല്ലാം ചെയ്യാനും സാധിക്കുകയുള്ളൂ.. നമ്മുടെ ജീവിതത്തിലെ ഒരു ഘട്ടത്തിൽ ദൈവത്തിൽ പൂർണ്ണമായി അഥവാ അന്ധമായി ആശ്രയിച്ചുകൊണ്ട് ഒരു 'പുറപ്പാടിനായി' നാം ഇറങ്ങിത്തിരിച്ചു. നമുക്ക് ആവശ്യമായതിലധികം, തീർച്ചയായും നാം അർഹിക്കുന്നതിനേക്കാൾ കൂടുതൽ അനുഗ്രഹങ്ങൾ അവിടുന്ന് നമ്മിൽ ചൊരിഞ്ഞിട്ടുണ്ട്. നമ്മിൽ പലരും ഈ അനുഗ്രഹങ്ങളിൽ നിമഗ്നരായിരിക്കുകയല്ലേ എന്നുപോലും ഞാൻ ഭയപ്പെടുന്നു. അതുകൊണ്ടുതന്നെ നമ്മുടെ ജൂബിലി പുതിയ ഒരു 'പുറപ്പാടി'ന്- ആത്മാവിന്റെ മൃദു മന്ത്രണങ്ങൾക്കനുസരിച്ച് പുതിയ ദൗത്യങ്ങൾ ഏറ്റെടുക്കുവാനുള്ള പുറപ്പാടിന്-നാന്ദി കുറിച്ചിട്ടുണ്ട്.”[5]

“മുന്നേറ്റത്തിലുള്ള നമ്മുടെ ജീവിതങ്ങളിലേയ്ക്ക് തിരിഞ്ഞു നോക്കുമ്പോൾ; വലിയ വേദനകൾ നാം ഏറ്റെടുത്തതും കഠിനമായ ത്യാഗങ്ങൾ സഹിച്ചതും, പലപ്പോഴും നമ്മെ കണ്ണീരണിയിക്കുന്ന കഠിനപ്രയാസങ്ങളെ നേരിട്ടതുമെല്ലാം വ്യക്തമായി തെളിഞ്ഞു വരുന്നു. അവയെല്ലാം കടുപ്പമേറിയതായിരുന്നു. പക്ഷേ അവമൂലം രക്ഷപെട്ടേക്കാവുന്ന ആത്മാക്കളെപ്രതി നാമവയെ എല്ലാം ഏറ്റെടുത്തു. തീർച്ചയായും ഈ സഹനങ്ങളുടെ മേൽത്തന്നെയാണ് കഴിഞ്ഞ 25 ലേറെ വർഷംകൊണ്ട് ഈ പ്രേഷിത മുന്നേറ്റത്തെ ദൈവം പടുത്തുയർത്തിയത്. ഇന്നു നാം തിരിഞ്ഞു നോക്കുമ്പോൾ നമുക്കാഹ്ലാദിക്കാൻ അവകാശമുണ്ട്. പക്ഷേ നാം ആത്മനിർവൃതിയിലാണ്ടു പോകാതിരിക്കാനും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മുൻകാല അധ്വാനത്തിന്റെ ഫലങ്ങൾ നുകർന്ന് നാം വിശ്രമത്തിലേയ്ക്ക് വഴുതിവീഴുക മാത്രമാണ് ചെയ്യുന്നതെങ്കിൽ തീർച്ചയായും അപകടത്തിലേക്കാണ് നാം നീങ്ങുന്നത്. യഥാർത്ഥത്തിൽ പരിശുദ്ധാത്മാവിനോട് തുറവിയുള്ളവരായിരിക്കണമെങ്കിൽ, ഈ ലോകത്തിന്റേതായ സുരക്ഷിതത്വങ്ങളെല്ലാം, നാം സൃഷ്ടിച്ചിരിക്കുന്ന ചട്ടക്കൂടുകൾ പോലും നാം നിരാകരിക്കണം. 'ഇതാ ഞാൻ, എന്നെ അയച്ചാലും!' എന്ന മന്ത്രണം എപ്പോഴും നമ്മുടെ ഹൃദയങ്ങളിൽ ഉണ്ടായിരിക്കണം. പക്ഷേ, 'ഇതാ ഞാൻ, എന്നെ ഇവിടെത്തന്നെ സൂക്ഷിക്കണേ!' എന്നല്ലേ നാം പലപ്പോഴും പ്രാർത്ഥിക്കുക? നാം ഇപ്പോഴും നമ്മുടെ പ്രേഷിത പ്രവർത്തനങ്ങൾ പരിപാലിക്കുന്നതിൽത്തന്നെ അകപ്പെട്ടു കിടക്കുകയാണോ? ഒരിക്കൽക്കൂടി പഴയ സഹനങ്ങളെല്ലാം ഏറ്റെടുക്കാൻ നാം സന്നദ്ധരല്ലേ? ദൈവരാജ്യത്തിനുവേണ്ടി സഹിക്കുവാനുള്ള സന്നദ്ധതക്കുറവിന്റെ നേരിയ ലാഞ്ജനപോലും നമ്മുടെ ഉള്ളിൽ ഉണ്ടെങ്കിൽ, അതേനിമിഷം തന്നെ നമുക്കത് കർത്താവിനു സമർപ്പിക്കാം. എന്തെന്നാൽ വി. പത്രോസ് ശ്ലീഹാ ഇത്തരത്തിലുള്ള സന്നദ്ധതക്കുറവു കാണിച്ചപ്പോൾ 'സാത്താനെദൂരെപ്പോവുക' എന്നു പറഞ്ഞാണ് അവിടുന്ന് ശകാരിച്ചത്. ഈ മറഞ്ഞിരിക്കുന്ന അലസതയെ ഈ നിസ്സാരവും എന്നാൽ അപകടകാരിയുമായ മടിയെ നാം സന്തോഷത്തോടെ അവിടുത്തേയ്ക്ക് സമർപ്പിച്ചാൽ മാത്രമേ ഈ പന്തക്കുസ്താ ദിനത്തിൽ നമ്മുടെ ജീവിതത്തിലേയ്ക്കും മുന്നേറ്റത്തിലേയ്ക്കും പരിശുദ്ധാത്മാവിനെപുതുതായി സ്വാഗതം ചെയ്യുവാനും അങ്ങനെഒരു നവപ്രേഷിത ചൈതന്യം നമുക്ക് സമ്മാനിച്ചുകൊണ്ട് അവിടുത്തേയ്ക്ക് കടന്നുവരുവാനും സാധിക്കുകയുള്ളൂ.”[6]

ജോൺ പോൾ രണ്ടാമൻ മാർപാപ്പ തന്റെ അപ്പസ്തോലിക ആഹ്വാനമായ 'അൽമായ വിശ്വാസി'കളിലൂടെ അൽമായ പ്രേഷിതത്വത്തിന്റെ എട്ടു മേഖലകളെക്കുറിച്ച് സംസാരിക്കുന്നു.

1. മനുഷ്യ വ്യക്തിയുടെ അന്തസ്സിനെഉയർത്തിപ്പിടിക്കുക.
2. ജീവിക്കാനുള്ള അവകാശത്തോടുള്ള ആദരവ് പരിപോഷിപ്പിക്കുക.
3. ആശയ സ്വാതന്ത്ര്യത്തിനും മതസ്വാതന്ത്ര്യത്തിനും എതിരേയുള്ള ആക്രമണങ്ങളെ ചെറുക്കുക.
4. വിവാഹത്തെയും കുടുംബജീവിതത്തെയും സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക
5. കാരുണ്യ പ്രവൃത്തികളിലേർപ്പെടുക
6. പൊതുകാര്യങ്ങളിൽ പങ്കെടുക്കുക.
7. സാമൂഹിക-സാമ്പത്തികലോകം വ്യക്തികൾക്കു പ്രയോജനപ്രദമാക്കുക.
8. സംസ്കാരത്തെ സുവിശേഷവത്കരിക്കുക.

“ഗഹനമായി ചിന്തിക്കുമ്പോൾ ജൂബിലി കോൺഫറൻസ് എന്നത് ഇന്നത്തെ രീതികൾക്കും വെല്ലുവിളി

---

*6. കൃപയുടെ ദിനങ്ങൾ: പുതിയ പെന്തക്കുസ്താ അനുഭവത്തിനായി മുന്നേറ്റത്തിന്റെ ഒരുക്കം- തോമസ് പുളിക്കൽ, യു.എസ്.എ. ഒരുക്കിയ വിചിന്തനങ്ങൾ*

*7. ജൂബിലിയുടെ കൃപകളെ വളർത്തൽ- ജീസസ് യൂത്ത് ലിഡേഴ്സ് കോളോക്കിയത്തിന്റെയവസാനം ഡോ. എഡ്വേർഡ് എടേഴത്ത് ഒരുക്കിയ അവസാനപ്രഖ്യാപനം*

കൾക്കും അനുസ്യൂതമായി ദൗത്യത്തെ നവീകരിക്കുവാനുള്ള ഒരു വിളിയാണ്. സഭാകൂട്ടായ്മയിൽ നിന്ന് രൂപപ്പെട്ട് അതിൽ ആഴത്തിൽ വേരൂന്നിയതുകൊണ്ടും, സഭാദൗത്യത്തിൽ പങ്കുകാരായിരിക്കുന്നതു കൊണ്ടും തന്നെ ജീസസ് യൂത്ത് അതിന്റെ പൂർണ്ണത കണ്ടെത്തുന്നത് സഭയിലാണെന്നത് പലപ്പോഴായി നാം മനസ്സിലാക്കിയിട്ടുള്ളതാണ്. കർത്താവിനുവേണ്ടി മനോഹരമായതെന്തെങ്കിലും ചെയ്യണമെന്ന വ്യക്തിപരമായ ഉത്സാഹത്തിൽ നിന്ന് ആരംഭിച്ച്, ചെറിയ നവ തുടക്കങ്ങളിലൂടെ വളർന്ന്, കൃത്യതയുള്ള ജീസസ് യൂത്ത് ശുശ്രൂഷകളിലൂടെ പുഷ്ടിപ്പെടുന്നതുമായ ജീസസ് യൂത്ത് ദൗത്യം, പ്രാദേശിക സഭകളുടെ പ്രേഷിത പ്രതിബദ്ധതയെ ചൈതന്യമുറ്റതാക്കുവാനും ലോകത്തിൽ ക്രിസ്തുവിനെക്കുറിച്ചുള്ള അറിവ് വർദ്ധിക്കുവാനും ഇടയാക്കണം. നമ്മുടെ ദൗത്യം വലിയ മാനുഷിക പരിഗണ നയ്ക്കും പാരിസ്ഥിതിക പ്രശ്നങ്ങൾക്കുവേണ്ടിയുള്ള ഇടപെടലുകൾക്കും പൊതുജീവിതം, സഭൈക്യം, മതാന്തരം തുട ങ്ങിയ തലങ്ങളിൽ ക്രൈസ്തവ സാന്നിദ്ധ്യം വെളിവാക്കുന്നതിനും ഉതകുംവിധം വിശാലമായിരിക്കണം."[7]

**ഈ ചിന്തകളെ എങ്ങനെപ്രവൃത്തിപഥത്തിൽ എത്തിക്കുവാനാകും?**

ഓരോ ജീസസ് യൂത്തിന്റെയും ജീവിതത്തിൽ ജൂബിലിക്കുശേഷം ഒരു പുറപ്പാട്- ലോകസുഖങ്ങളുടെയും സുരക്ഷിതത്വങ്ങളുടെയും ബന്ധനങ്ങൾ പൊട്ടിച്ചെറിഞ്ഞുകൊണ്ടുള്ളത്- ആരംഭിക്കേണ്ടിയിരിക്കുന്നു പ്രേഷിതരാകു വാനുള്ള വിളി തിരിച്ചറിയുവാനും, അതിലാഴപ്പെടുവാനും അവരെ സഹായിക്കേണ്ടിയിരിക്കുന്നു. അവിടുത്തെ വിശുദ്ധിയിൽ വളരുവാനാവശ്യമായ കൃപാവർഷത്താൽ നമ്മുടെ മുന്നേറ്റം അനുഗ്രഹീതമാണ്. ഈ കൃപ സ്വീകരിച്ചു കൊണ്ടും വിശുദ്ധിൽ ജീവിക്കുവാനുള്ള വിളി ഏറ്റെടുത്തുകൊണ്ടും വരും വർഷങ്ങളിൽ നിരവധി നവ തുടക്കങ്ങൾ മുന്നേറ്റത്തിൽ ഉണ്ടാകുമെന്ന് നമുക്ക് പ്രതീക്ഷിച്ചുകൂടെ? 19000-ൽ അധികം പുതു തുടക്കങ്ങൾ വരും വർഷങ്ങളിൽ സംഭവിക്കുന്നതിനെക്കുറിച്ചൊന്നാലോചിച്ചു നോക്കൂ! 'ഒരു മാസത്തെ പ്രേഷിത പ്രതിബദ്ധത'യും മറ്റ് പ്രവർത്തനങ്ങളു മെല്ലാം ഈ ദിശയിലൂടെ ഉറച്ച ചുവടുകൾവച്ചു മുന്നോട്ടുപോകാൻ നമ്മെ സഹായിക്കും. പക്ഷേ, ഈ ജൂബിലി വർഷ ത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഫലങ്ങൾ പരിശുദ്ധാത്മ പ്രചോദിതമായ, നവതുടക്കങ്ങൾ തന്നെയാവണം. കൂടുതൽ തീക്ഷ്ണയോടെ കർത്താവിലേയ്ക്കു തിരിഞ്ഞുകൊണ്ട് അവിടുത്തെ വഴിനടത്തലിനായും, സ്നേഹത്തിന്റെ സന്ദേശ വുമായി ലോകത്തിന്റെ അതിർത്തികൾ വരെ കടന്നുചെന്നുകൊണ്ട് അവിടുത്തെ രാജ്യം പണിതുയർത്താനുള്ള അവന്റെ വിളിയോട് പ്രത്യുത്തരിക്കാനുള്ള അനുഗ്രഹങ്ങൾ നേടുവാനും പുതിയ വെല്ലുവിളികൾ മുന്നേറ്റത്തെ സഹാ യിക്കും.

**നമുക്ക് ഹൃദയപൂർവ്വം പ്രാർത്ഥിക്കാം**

കർത്താവായ ഈശോയേ, ജീസസ് യൂത്ത് മുന്നേറ്റത്തിലൂടെ പ്രേഷിതരാകുവാനുള്ള വിളി ഞങ്ങൾക്ക് നൽകി യിരിക്കുന്നതിനെയോർത്ത് നന്ദി പറയുന്നു. എസെക്കിയേൽ പ്രവാചകനിലൂടെ അങ്ങ് നൽകിയ വാഗ്ദാനത്തെ ഏറ്റുപറഞ്ഞ് ഞങ്ങൾ പ്രാർത്ഥിക്കുന്നു. പുതിയൊരു ഹൃദയം ഞങ്ങൾക്കു നൽകണമേ- എപ്പോഴും അങ്ങയുടെ സാന്നി ധ്യത്തിനായി ദാഹിക്കുന്ന എളിമയുള്ള ഒരു ഹൃദയം, നഷ്ടപ്പെട്ടതിനെയും നിസ്സാരമായതിനെയും നിരന്തരം തേടുന്ന നല്ല ഇടയന്റെ ഹൃദയം, ഞങ്ങളുടെ സഹോദരങ്ങൾ നിന്നിൽ ആനന്ദം കണ്ടെത്തുന്നതുവരെ വിശ്രമമറിയാത്ത ഒരു അസ്വസ്ഥഹൃദയം, ലോകത്തിന്റെ വഴികൾ ഉപേക്ഷിക്കാനും സ്വർഗ്ഗീയമഹത്വത്തിൽ നിന്നെ മുഖാമുഖം കാണു ന്നതുവരെ നിന്നിൽ നിന്നും കണ്ണെടുക്കാതിരിക്കാനായി ഒരു പ്രേഷിത ഹൃദയം ഞങ്ങൾക്കു നൽകണമേ.

മറിയമേ, ഞങ്ങളുടെ മാതാവേ, കൂട്ടായ്മയുടെയും പ്രേഷിതത്വത്തിന്റെയും ആഴങ്ങളിലേയ്ക്ക് വലയിറക്കു മ്പോൾ ഈ ചെറിയ അജഗണത്തോടൊപ്പം അമ്മ ഉണ്ടായിരിക്കണമേ. ആമ്മേൻ!

**ജീസസ് യൂത്ത് ഇന്റർനാഷണൽ ടീമിനുവേണ്ടി മനോജ് സണ്ണി തയ്യാറാക്കിയത്**

Jesus Youth International Ofiice, 6 F, Thadikkaran Centre, Palarivattom. P.O, Cochin- 682 025, Kerala, India,
Ph: +91 484 4054870 / 4054371, Fax - +91 484 4054870, Email: jyglobal@jesusyouth.org, Website: www.jesusyouth.org